# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം
നമ്പർ : 743.

17..7..2012-ൽ മറുപടിക്ക്

## ക്ഷീരകർഷകർക്ക് പശുവിനെ വാങ്ങാൻ പലിശരഹിത വായ്പ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>,, സി.പി. മുഹമ്മദ്<br>,, പി.സി. വിഷ്ണുനാഥ് | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| (എ) ക്ഷീരകർഷകർക്ക് പശുവിനെ വാങ്ങാൻ പലിശരഹിത വായ്പാ പദ്ധതി ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ;<br><br>(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം: വിശദാംശങ്ങൾ ലഭ്യമാക്കുമോ;<br><br>(സി) ഏത് ഏജൻസിയാണ് ഈ പദ്ധതി നടപ്പാക്കുന്നതെന്ന് വിശദമാക്കുമോ ? | (എ), (ബി) & (സി) ക്ഷീരകർഷകർക്ക് പലിശരഹിത വായ്പ നല്കുന്ന പദ്ധതി നിലവിലില്ലെങ്കിലും ക്ഷീരകർഷകർക്ക് സബ്സിഡി നിരക്കിൽ പശുക്കളെ വിതരണം ചെയ്യുന്ന എം.എസ്.ഡി.പി. പദ്ധതി ക്ഷീര വികസന വകുപ്പ് വഴി നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതി പ്രകാരം 2 പശു യൂണിറ്റ്, 5 പശു യൂണിറ്റ്, 10 പശു യൂണിറ്റ്, 20 പശു യൂണിറ്റ് എന്നിവയ്ക്കായി സർക്കാർ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി സബ്സിഡി നല്കുന്നുണ്ട്. പ്രസ്തുത പദ്ധതിക്കായി 2012-13 സാമ്പത്തിക വർഷം 13 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനെക്കുറിച്ചും, ക്ഷീര മൃഗസംരക്ഷണ മേഖലയുടെ സമഗ്രവികസനത്തെക്കുറിച്ചും പഠനം നടത്തുന്നതിനായി സർക്കാർ നിയമിച്ച ഡോ. ഹേലി കമ്മിറ്റി ശുപാർശ ചെയ്യുതനുസരിച്ച് ക്ഷീരകർഷകരെ സഹായിക്കുന്നതിനായി ഒരു ധനകാര്യ സ്ഥാപനം തുടങ്ങുന്ന കാര്യവും സർക്കാർ പരിശോധിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.